ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) സമകാലിക പ്രകൃതി ക്ഷോഭങ്ങളും കാലാവസ്ഥാ വെല്ലുവിളികളും നേരിടുന്നതിൽ ഭൗമശാസ്ത്ര മേഖലയുടെ വികസനം അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു .

**President Droupadi Murmu conferred the National Geoscience Award today. Geoscience development is important in handling climate change and natural disasters, says the President.**

2) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് നാളെ തുടക്കം.

**Prime Minister Narendra Modi will be on a three-day visit to Poland and Ukraine from tomorrow.**

3) ഡോക്ടർമാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ദൗത്യ സംഘത്തിന് രൂപം നൽകി സുപ്രീംകോടതി. സുരക്ഷയ്ക്കായി ദേശീയ പ്രോട്ടോക്കോൾ തയ്യാറാക്കാനും നിർദ്ദേശം.

**The Supreme Court has set up a national task force to ensure the safety of medical professionals.**

4) ആശുപത്രികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര ആരോഗ്യ മന്ത്രാലയംമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

**The Union Health Ministry has written to all the Heads of the Central Government Hospitals and Institutes to enhance security in hospitals**

5) ഇന്ത്യ -ജപ്പാൻ 2+2 മന്ത്രിതല സംഭാഷണം ഇന്ന് ന്യൂ ഡൽഹിയിൽ .

**India and Japan to hold 2+2 Ministerial Dialogue in New Delhi this evening.**

6) ജമ്മു കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിൻറെ ഒന്നാംഘട്ട വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു.

**Notification for first phase of Assembly elections in Jammu and Kashmir issued today.**

&&&&&&&&&&&&&&&&&&

## HEADLINE-1

### PRESIDENT GEO SCIENCE AWARD( INTRO)

സമകാലിക പ്രകൃതി ക്ഷോഭങ്ങളും കാലാവസ്ഥാ വെല്ലുവിളികളും നേരിടുന്നതിൽ ഭൗമശാസ്ത്ര മേഖലയുടെ വികസനം അത്യന്താപേക്ഷിതമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു . രാഷ്ട്രപതി ഭവനിലെ കൾച്ചറൽ സെൻ്ററിൽ ദേശീയ ഭൗമശാസ്ത്ര പുരസ്കാരങ്ങൾ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി .

ഇന്ത്യയുടെ ഭൗമശാസ്ത്ര പൈതൃകം ഈ നാട്ടിലെ പർവതങ്ങളിലും, സമതലങ്ങളിലുമടക്കം രേഖപ്പെടുത്തിയിരിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

## HEADLINE-2

### PM POLAND-UKRAINE VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പോളണ്ട്-യുക്രൈൻ സന്ദർശനത്തിന് നാളെ തുടക്കം. രണ്ട് ദിവസത്തെ സന്ദർശനത്തിനായി

പോളണ്ടിലെത്തുന്ന പ്രധാനമന്ത്രി, പോളിഷ് പ്രസിഡൻറ് - പ്രധാനമന്ത്രി ഉൾപ്പെടെയുള്ള നേതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തും.

45 വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി പോളണ്ട് സന്ദർശിക്കുന്നത്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്രബന്ധത്തിൻറെ 70-ആം വാർഷികം പൂർത്തിയാകുന്ന വേളയിലാണ് ശ്രീ മോദിയുടെ പോളണ്ട് സന്ദർശനം. പോളണ്ടിലെ ഇന്ത്യൻ സമൂഹവുമായും വ്യവസായികളുമായും അദ്ദേഹം സംവദിക്കും. തുടർന്ന് ഈ മാസം 23 ന് യുക്രൈനിലെത്തുന്ന പ്രധാനമന്ത്രി, യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി കൂടിക്കാഴ്ച നടത്തും. യുക്രൈൻ പ്രസിഡൻറിൻറെ പ്രത്യേക ക്ഷണപ്രകാരമാണ് ശ്രീ മോദിയുടെ സന്ദർശനം.

&&&&&&&&&&&&&&&&&&

## HEADLINE-3

## KOLKATA MURDER CASE

ഡോക്ടർമാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ദേശീയ ദൗത്യ സംഘത്തിന് രൂപം നൽകി സുപ്രീംകോടതി. ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, ലിംഗപരമായ വിവേചനം തടയുന്നതിനുമായി ദേശീയ തലത്തിൽ പ്രോട്ടോക്കോൾ നടപ്പാക്കണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചു. കൊൽക്കത്തയിൽ റസിഡന്റ് ഡോക്ടറെ ക്രൂരമായി കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് സ്വമേയധാ എടുത്ത കേസിൽ വാദം കേൾക്കുകയായിരുന്നു കോടതി. ആരോഗ്യ മേഖലയിൽ ജോലി ചെയ്യുന്നവർ നിരന്തരം ആക്രമണങ്ങൾക്ക് വിധേയരാകേണ്ടി വരുന്നതായും, വനിതാ ഡോക്ടർമാർക്കാണ് കൂടുതലായി ഇത്തരം അക്രമങ്ങൾ നേരിടേണ്ടി വരുന്നതെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഢ് അഭിപ്രായപ്പെട്ടു. നിലവിലെ അവസ്ഥയ്ക്ക് മാറ്റം കൊണ്ട് വരാൻ സമാനമായ മറ്റൊരു സംഭവം വരെ കാത്തിരിക്കാൻ ആവില്ലെന്നും അദ്ദേഹം വ്യക്തമാക്കി. തൊഴിലിടങ്ങളിൽ വിശ്രമ സൗകര്യം,സുരക്ഷാ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ പോലും രാജ്യത്തെ ഡോക്ടർമാർക്ക് ലഭിക്കുന്നില്ലെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു. കേസിൻറെ തത്സ്ഥിതി വിവരങ്ങൾ മറ്റന്നാൾ സമർപ്പിക്കണമെന്ന് സിബിഐക്ക് കോടതി നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&&&

## HEADLINE-4

## GOVT- HOSPITALS LETTER (INTRO)

*ആശുപത്രികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി കേന്ദ്ര ആരോഗ്യ മന്ത്രാലയം. സിസിറ്റിവികൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സർക്കാർ ആശുപത്രികൾക്കും, ആരോഗ്യ സ്ഥാപനങ്ങൾക്കുമയച്ച കത്തിൽ ആവശ്യപ്പെടുന്നത്.*

*വിശദാംശങ്ങളിലേക്ക്.....*

*(VO)*

*ആശുപത്രിയുടെ അകത്തേക്കും പുറത്തേക്കുമുള്ള കവാടങ്ങൾ, ഇടനാഴികൾ,പെട്ടന്ന് കാഴ്ചയിൽപ്പെടാത്ത സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സിസിറ്റിവി ക്യാമറകൾ സ്ഥാപിക്കണമെന്ന് ആരോഗ്യ മന്ത്രാലയം നിർദേശിച്ചു. അടിയന്തര ഘട്ടങ്ങളിൽ ബന്ധപ്പെടാൻ കൺട്രോൾ റൂം സ്ഥാപിക്കണം. നിരീക്ഷണം, പട്രോളിങ്, എന്നിവയ്ക്കായി പരിശീലനം സിദ്ധിച്ച സുരക്ഷാ ജീവനക്കാരെ നിയോഗിക്കണം. അകത്തേക്കും പുറത്തേക്കുമുള്ള കവാടങ്ങൾ വഴിയുള്ള പ്രവേശനം നിരീക്ഷിക്കണം. ഡ്യൂട്ടിയിലുള്ളവർക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കണം. സന്ദർശകരെ കൃത്യമായി നിരീക്ഷിക്കണമെന്നും നിർദ്ദേശങ്ങളിൽ പറയുന്നു. ആരോഗ്യപ്രവർത്തകർക്കു നേരെ ആക്രമണങ്ങളുണ്ടായാൽ സ്വീകരിക്കുന്ന നിയമനടപടികളെക്കുറിച്ച് ആശുപത്രി വളപ്പിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണം. സുരക്ഷാ ഭീഷണി നേരിടാൻ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആശുപത്രി ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകണം. ക്യാമ്പസിലെ പെട്ടന്ന് കാഴ്ചയിൽപ്പെടാത്ത തരം സ്ഥലങ്ങൾ പ്രത്യേകം രേഖപ്പെടുത്തണം. വനിതാ ജീവനക്കാർ ഡ്യൂട്ടിയിലുള്ള ഇടങ്ങൾ, പാർക്കിങ് സ്ഥലങ്ങൾ, നടപാതകൾ എന്നിവിടങ്ങളിൽ മതിയായ വെളിച്ചം ഉറപ്പാക്കണം. അടിയന്തര ഘട്ടങ്ങളിൽ പൊലീസുമായും മറ്റ് സേവന ദാതാക്കളുമായി ആശുപത്രി അധികൃതർ ബന്ധപ്പെടണം. വനിതാ ജീവനക്കാർക്ക് എല്ലാ സജീകരണങ്ങളോടും കൂടിയ സുരക്ഷിതമായ ഡ്യൂട്ടി മുറികൾ ഉറപ്പാക്കണം. വനിതകളെ രാത്രി*

***ജോലിക്ക് ഒറ്റയ്ക്ക് നിയോഗിക്കരുത്. രാത്രി സമയങ്ങളിൽ അവരുടെ സുരക്ഷ ഉറപ്പാക്കണം, സുരക്ഷിത യാത്ര സൗകര്യം ഒരുക്കണം . അടിയന്തര ഘട്ടങ്ങൾ നേരിടുന്നതിന് മോക്ക് ഡ്രില്ലുകൾ ഉൾപ്പെടെയുള്ളവ സംഘടിപ്പിക്കാനും ആരോഗ്യ മന്ത്രാലയം നിർദേശിച്ചു.***

***ന്യൂസ് ഡെസ്ക് ആകാശവാണി***

**&&&&&&&&&&&&&&&&&&**

**Veena George**

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ജീവനക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്പേസ് ഓഡിറ്റ് നടത്താൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി. ഡ്യൂട്ടി റൂം, പരിശോധനാ മുറി, റെസ്റ്റ് റൂം തുടങ്ങിയവ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ പരിശോധിച്ച് സുരക്ഷിതത്വം ഉറപ്പാക്കണം. അത്യാഹിത വിഭാഗത്തിൽ രണ്ട് പേരേയും വാർഡുകളിൽ ഒരാളേയും മാത്രമേ കൂട്ടിരിപ്പുകാരായി അനുവദിക്കുകയുള്ളൂ. രോഗികളുടെ വിവരങ്ങൾ കൃത്യമായി അറിയിക്കാനായി ബ്രീഫിംഗ് റൂം സജ്ജമാക്കിയിട്ടുണ്ടെന്ന് എല്ലാ സ്ഥാപനങ്ങളും ഉറപ്പാക്കേണ്ടതാണ്. ഡോക്ടർമാർ രോഗികളോട് കൃത്യമായി വിവരങ്ങൾ വിശദീകരിച്ച് നൽകണമെന്നും മെഡിക്കൽ കോളേജുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ വിളിച്ചു ചേർത്ത യോഗത്തിൽ മന്ത്രി നിർദ്ദേശം നൽകി.

**&&&&&&&&&&&&&&&&&&**

MALAYSIA- CEREMONIAL

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ മലേഷ്യൻ പ്രധാനമന്ത്രി ദാതോ സെരി അൻവർ ബിൻ ഇബ്രാഹിമിനെ ഊഷ്മളമായി സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. മലേഷ്യൻ പ്രധാനമന്ത്രിയായി സ്ഥാനമേറ്റ ശേഷമുള്ള ആദ്യ ഇന്ത്യൻ സന്ദർശനത്തിനായി അദ്ദേഹം ഇന്നലെയാണ് ഡൽഹിയിലെത്തിയത്. ഇരുനേതാക്കളും ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. രാജ്ഘട്ടിൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ പ്രതിമയിൽ മലേഷ്യൻ പ്രധാനമന്ത്രി പുഷ്പചക്രം അർപ്പിച്ചു. രാഷ്ട്രപതി ഭവനിൽ അദ്ദേഹത്തിന് ഔപചാരിക സ്വീകരണവും നൽകി.

**&&&&&&&&&&&&&&&&&&**

## HEADLINE-5

**India Japan&Japan - 2+2**

ഇന്ത്യ -ജപ്പാൻ 2+2 മന്ത്രിതല സംഭാഷണം ഇന്ന് വൈകിട്ട് ന്യൂ ഡൽഹിയിൽ നടക്കും.രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്,വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ എന്നിവർ ചർച്ചയിൽ പങ്കെടുക്കും. 2+2 ചർച്ചകളോട് അനുബന്ധിച്ച് ശ്രീ.രാജ്നാഥ് സിങ് ,ജാപ്പനീസ് പ്രതിരോധ മന്ത്രിയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും.പൊതു താത്പര്യമുള്ള പ്രാദേശിക-ആഗോള വിഷയങ്ങൾ ചർച്ച ചെയ്യുന്ന ഇരുവരും ഇന്ത്യ-ജപ്പാൻ ബന്ധം ശക്തിപ്പെടുത്താനുള്ള സാധ്യതകളും പരിശോധിക്കും .ജനാധിപത്യം ,നിയമവാഴ്ച, സ്വാതന്ത്ര്യം തുടങ്ങിയ മൂല്യങ്ങളിൽ അധിഷ്ഠിതമായ തന്ത്രപ്രധാന-ആഗോള പങ്കാളിത്തമാണ് ഇരു രാജ്യങ്ങൾക്കുമിടയിൽ ഉള്ളതെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ജാപ്പനീസ് പ്രതിരോധ മന്ത്രിയുമായും, വിദേശകാര്യമന്ത്രിയുമായും പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രതിരോധമേഖലയിലെ ഉഭയകക്ഷി ബന്ധം , ഇൻഡോ-പെസഫിക് സഹകരണം തുടങ്ങിയ വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി.

&&&&&&&&&&&&&&&&&&

## HEADLINE-6

**J AND K – NOTIFICATION**

ജമ്മു കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിൻറെ ഒന്നാംഘട്ട വിജ്ഞാപനം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു. ആറ് ജില്ലകളിലെ 24 മണ്ഡലങ്ങളിലേക്കാണ് അടുത്ത മാസം 18 ന് വോട്ടെടുപ്പ് നടക്കുന്നത്. ഈ മാസം 27 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. 28 ന് സൂക്ഷ്മ പരിശോധന നടക്കും. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്. മൂന്ന് ഘട്ടമായാണ് ജമ്മുകശ്മീരിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്.

&&&&&&&&&&&&&&&&&&

**SREENARAYANA GURU**

170-ാമത് ശ്രീനാരായണ ഗുരു ജയന്തിയോടനുബന്ധിച്ച് സംസ്ഥാനത്തിന്ന് വിപുലമായ ആഘോഷ പരിപാടികൾ. വർക്കല ശിവഗിരിയിൽ നടന്ന ജയന്തി സമ്മേളനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. തുല്യതയ്ക്കും, സാമൂഹിക ഐക്യത്തിനുമായി, ഗുരുദേവ ദർശനങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട്പോകേണ്ട കാലഘട്ടമാണിതെന്ന് ശ്രീ സുരേഷ് ഗോപി ചടങ്ങിൽ പറഞ്ഞു. ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ നടക്കുന്ന ജയന്തി സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകിട്ട് ഉദ്ഘാടനം ചെയ്യും. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ ഒഴിവാക്കിയാണ് ചടങ്ങ് നടത്തുന്നത്.

&&&&&&&&&&&&&&&&&&

**Mann Ki Baat**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണിയിലൂടെയുള്ള പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിൻറെ 113-ആം പതിപ്പാണിത്. പരിപാടിയിലേയ്ക്കായി ജനങ്ങൾക്ക് നിർദേശങ്ങളും ആശയങ്ങളും ഈ മാസം 23 വരെ പങ്കുവയ്ക്കാവുന്നതാണ്. നമോ ആപ്പ്, MyGov, ടോൾ ഫ്രീ നമ്പരായ 1800-11-7800 എന്നിവയിലൂടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

**RAIN - KERALA**

സംസ്ഥാനത്ത് രണ്ട് ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## J AND K EARTHQUAKE

ജമ്മുകശ്മീരിൽ ഭൂചലനം. ഇന്ന് രാവിലെയാണ് ബാരാമുള്ള ജില്ലയിൽ 4.9 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമുണ്ടായത്. ആളപായമോ മറ്റ് ഗുരുതര നാശനഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല. സ്ഥിതിഗതികൾ നിരീക്ഷിച്ച് വരുന്നതായി അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## GOYAL-CEO FORUM

ഇന്ത്യ-മലേഷ്യ വ്യാപാരബന്ധം കൂടുതൽ ശക്തിപ്പെടുത്തേണ്ടത് പ്രധാനമെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പീയുഷ് ഗോയൽ. ന്യൂ ഡൽഹിയിൽ ഇന്ത്യ-മലേഷ്യ സിഇഒ ഫോറത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.ഇരു രാഷ്ട്രങ്ങൾക്കുമിടയിലെ വ്യാപാര-വ്യവസായ ബന്ധം ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിൽ ആഴമേറിയ പങ്കാളിത്തങ്ങൾ സാധ്യമാക്കുന്ന വിവിധ അവസരങ്ങൾ കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## BANGLADESH - SHEIKH HASINA

മുൻ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ഉൾപ്പെടെ 27 പേർക്കെതിരെ വംശഹത്യ ആരോപിച്ചു അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണലിൽ പരാതി. വിദ്യാർഥി പ്രതിഷേധത്തിനിടെ വെടിയേറ്റ് മരിച്ച ഷഹരിയാർ ഹസ്സൻ അലവിയുടെ പിതാവാണ് ട്രൈബ്യൂണലിനെ സമീപിച്ചത് .ബംഗ്ലാദേശിലെ മുൻ മന്ത്രിമാർ,പോലീസ് ഇൻസ്പെക്ടർ ജനറൽ അടക്കമുള്ളവർക്കെതിരെയും പരാതിയുണ്ടെന്നാണ് മാധ്യമ റിപ്പോർട്ടുകൾ.

&&&&&&&&&&&&&&&&&&

## IMD

രാജ്യത്തെ വടക്കു പടിഞ്ഞാറൻ, പടിഞ്ഞാറൻ, മധ്യ മേഖലകളിൽ അടുത്ത മൂന്ന് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ദക്ഷിണ ഉപദ്വീപിലും നാളെ വരെ ശക്തമായ മഴയ്ക്ക്

സാധ്യതയുണ്ട്. ജമ്മു, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ഉത്തർ പ്രദേശ് എന്നിവിടങ്ങളിൽ വെള്ളിയാഴ്ച വരെ ശക്തമായ മഴയ്ക്കുള്ള മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&